LIBRARY ARCHIVES Kerala Legislative Assembly

ചന്ദനമര കള്ളക്കടത്ത്

129 [2558] ശ്രീ. ജോണി നെല്ലൂർ :

,, ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനമര കള്ളക്കടത്ത് തടയുന്നതിന് നിയമ നിർമ്മാണം നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിയമത്തിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) നടപ്പ് സമ്മേളനത്തിൽ പ്രസ്തുത നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചന്ദനമര കള്ളക്കടത്ത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി 1961-ലെ കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി ചെയ്യുന്നതിന് കരട് കേരള ഫോറസ്റ്റ് (ഭേദഗതി) ഓർഡിനൻസ് 2004, തയ്യാറാക്കി കേന്ദ്ര സർക്കാരിലെ ആഭ്യന്തര മന്ത്രാലയത്തിന് ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ നിർദ്ദേശം ലഭ്യമാക്കാൻ സമർപ്പിച്ചിരിക്കുകയാണ്.

(ബി) കരട് ഭേദഗതി ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രധാനമായും താഴെ പറയുന്നവയാണ്:

(1) സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി കൂടാതെ സ്വകാര്യ സ്ഥലങ്ങളിലുള്ള ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതും കച്ചവടം നടത്തുന്നതും നിരോധിക്കുക.

(2) സ്വകാര്യ ഭൂമിയിലെ ചന്ദന മരങ്ങളും വനം വകുപ്പ് വെട്ടിശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും ഉടമസ്ഥന് അതിന്റെ വില നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

(3) ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനതൈലമോ ഒരു വ്യക്തിയുടെ കൈവശം വയ്ക്കുന്നതിന് ലൈസൻസ് നിർബന്ധിതമാക്കുക.

(4) ഗവൺമെന്റ് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നല്ലാതെ ചന്ദന തടിയോ ചന്ദന തൈലമോ വാങ്ങുന്നത് നിരോധിക്കുക.

(5) ഗവൺമെന്റ് അല്ലാതെ മറ്റാരും ചന്ദനതൈലം നിർമ്മിക്കുകയോ ശുദ്ധീകരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നത് നിരോധിക്കുക.

(സി) ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.